GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

25-05-2021

## കാർഷികമേഖലാവാർത്തകൾ

1. **പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിക്കുവാൻ 'എയിംസ് പോർട്ടൽ'**

പ്രകൃതി ക്ഷോഭം മൂലമുണ്ടായ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി വിളകൾ ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർ 15 ദിവസത്തിനകവും മറ്റ് കർഷകർ 10 ദിവസത്തിനുള്ളിലും എയിംസ് പോർട്ടലിൽ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമായി 'എയിംസ്' എന്ന യൂട്യൂബ് ചാനലിൽ ഓൺലൈനായി വീക്ഷിക്കാവുന്നതാണ്. (https://youtu.be/PwW6_hDvriY ) എയിംസ് മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാണ്.

2. **കാർഷികോൽപ്പന്നങ്ങൾ ഹോർട്ടികോർപ്പ് സംഭരിക്കും**

ലോക്ക്ഡൗൺ കാലയളവിൽ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്ത കർഷകരിൽനിന്നും ഹോർട്ടികോർപ്പ് കാർഷികോൽപന്നങ്ങൾ സംഭരിക്കുന്നു. സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ ഹോർട്ടികോർപ്പ് വിൽപ്പനശാലകളിലൂടെ വിൽക്കും. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം - 9633235081. കൊല്ലം - 9446207383, പത്തനംതിട്ട - 9447335078 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

3. **നാളികേര കർഷകരുടെ ശ്രദ്ധയ്ക്ക്**

തെങ്ങ് കൃഷി സംബന്ധിച്ച സംശയനിവാരണത്തിനായി ഫോൺ കോളിലൂടെയോ വാട്ട്സ്ആപ്പിലൂടെയോ ബാലരാമപുരം നാളികേര ഗവേഷണകേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പറുകൾ – 9446283898, 9446540856, 9995447195

4. **കെപ്കോ മുട്ടക്കോഴി ഇന്റഗ്രേഷൻ ഫാമുകൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.**

കേരള പൌൾട്രി വികസന കോർപ്പറേഷൻ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലെ കർഷകരിൽ നിന്നും ഇന്റഗ്രേഷൻ ഫാമുകൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു. മാനേജിങ്ങ് ഡയറക്ടർ , കേരള പോൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം, പിൻകോട്- 695024 എന്ന മേൽവിലാസത്തിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ടുന്ന നമ്പർ 9495000934

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

---

**ഓൺലൈൻ പരിശീലനങ്ങൾ**

5. വെള്ളായണി കാർഷിക കോളേജ് സസ്യ പ്രജനന ശാസ്ത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 'അതിജീവനം കൃഷിയിലൂടെ' എന്ന വിഷയത്തിൽ വെബിനാർ പരമ്പര ഈ മാസം 29 വരെ സംഘടിപ്പിച്ചിരിക്കുന്നു. ഇന്ന് ഉച്ചയ്ക്ക് 3.30 മുതൽ 5.00 മണി വരെ പുഷ്പകൃഷി ആനന്ദത്തിനും ആദായത്തിനും എന്ന വിഷയത്തിൽ വെള്ളായണി കാർഷിക കോളേജ് സസ്യ പ്രജനന ജനിതക ശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ ബീന തോമസ് വെബിനാർ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ – **9497453663**

പങ്കെടുക്കുന്നതിനുള്ള ഗൂഗിൾ മീറ്റ് ലിങ്ക് https://meet. google.com/pem-ksso-mda.

6. **കേരള വെറ്ററിനറി സർവകലാശാല 'മൃഗസംരക്ഷണമേഖലയിലെ വർഷകാല മുന്നൊരുക്കങ്ങളെ' ആധാരമാക്കി നടത്തുന്ന കർഷകോൻമുഖവിദഗ്ധഭാഷണ പരമ്പരയിൽ ഇന്ന് (25-05-2021 ന്) ഉച്ചകഴിഞ്ഞ് 2.30 ന് 'പന്നിവളർത്തലും വർഷകാലമുന്നൊരുക്കങ്ങളും' എന്ന** വിഷയത്തെ കുറിച്ചുള്ള സർവകലാശാല പ്രൊഫസർ ഡോ ഉഷ എ പി യുടെ ആമുഖാവതരണവും തുടർന്ന് അസിസ്റ്റന്റ് പ്രൊഫസർ ഡോ സജിത് പുരുഷോത്തമന്റെ പ്രഭാഷണവും ഉണ്ടായിരിക്കുന്നതാണ്. കർഷകരുടെ സംശയദൂരീകരണത്തിനായുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. നാളെ (26-05-2021 ന്) 'സംയോജിത കൃഷി - ഉത്പാദനക്ഷമതാ വർദ്ധനവിന്' എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രഭാഷണം. വിശദ വിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. **9446625160 / 9895213500**

7. **റബ്ബർമേഖലയിലെ** സംരംഭകത്വവികസനത്തിനായി റബ്ബർബോർഡ് **ഇന്ന്** (25-05-2021 ന്) ഏകദിന ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലന സമയം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127**എന്ന ഫോൺ നമ്പറിലും **04812353201** എന്ന വാട്സ്ആപ് നമ്പറിലും ബന്ധപ്പെടാം.

8. **തിരുവനന്തപുരം** വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ നിന്നും ഇന്ന് (25-05-2021 ന്) ഫേസ്ബുക്ക് ലൈവിലൂടെ ഓൺലൈൻ പരിശീലനങ്ങൾ നൽകുന്നു. 'മാങ്ങയുടെ മൂല്യ വർദ്ധിത

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉൽപ്പന്നങ്ങൾ' എന്ന വിഷയത്തിൽ ഡോ ദേവിക ഐ രാവിലെ 10.00 നും 'ശാസ്ത്രീയ കൂൺകൃഷി' എന്ന വിഷയത്തിൽ ശ്രീമതി ബിന്ദു ആർ മാത്യൂസ് രാവിലെ 11.30 നുമാണ് പരിശീലനം നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് **9788690044 / 9446911451** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**9.** പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (25-5-221) രാവിലെ 11 മണിക്ക് 'ഇഞ്ചി കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ', എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നവർ meet.google.com/dpq-ykor-opd എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് **8078572094** എന്ന് ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**10.** കേരള കാർഷിക സർവകലാശാല ഹൈ ടെക് റിസേർച്ച് ആന്റ് ട്രെയിനിംങ്ങ് യൂണിറ്റ് ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ പരിശീലനം നൽകുന്നു. ഇന്നു മുതൽ (25-5-2021) മുതൽ മേയ് 29 വരെ നീളുന്ന അഞ്ച് ദിവസത്തെ പരിശീലന പരിപാടി എല്ലാ ദിവസവും രാവിലെ 10.30 മുതൽ 12.30 വരെയാണ്. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ വിശദവിവരങ്ങൾക്കായി താഴെ പറയുന്ന ഫോൺ നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. **ഫോൺ നമ്പർ 7025498850/ 9074405964/ 0487 296 0079**

**11. കാലാവസ്ഥ അധിഷ്ഠിത മുന്നറിയിപ്പ്-**

- ✓ തെങ്ങു കർഷകർ വളപ്രയോഗവും കീടനാശിനി പ്രയോഗവും കുറച്ചുദിവസത്തേക്ക് നിർത്തിവയ്ക്കുക. അധിക മഴവെള്ളം നിലനിർത്താൻ തെങ്ങിൻ തടം തുറക്കുക.
- ✓ വാഴ കർഷകർ ശക്തമായ കാറ്റ് വീഴാൻ സാധ്യത ഉള്ളതിനാൽ വാഴയ്ക്ക് താങ്ങു കൊടുക്കുക.
- ✓ പച്ചക്കറികളിൽ നീർവാർച്ച ഉറപ്പുവരുത്തുക. പന്തൽ ഉള്ള പച്ചക്കറികൾക്ക് താങ്ങ് കൊടുക്കുക.